# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2179** **14-10-2024 - ൽ മറുപടിയ്ക്ക്**

## മലപ്പുറം ജില്ലയിലെ വൈറോളജി ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലക്ക് ഒരു വർഷം മുമ്പ് അനുവദിച്ച വൈറോളജി ലാബ് നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടെ ബയോ സേഫ്റ്റി ലെവൽ 2 വൈറോളജി ലാബിന്റെ സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിച്ചു. എ.സി ഇൻസ്റ്റലേഷൻ നടക്കാനിരിക്കുന്നു. നിലവിൽ ലാബിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിച്ച ഫണ്ടിന്റെ വിശദാംശം നൽകുമോ; | (ബി) | ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ കീഴിലുള്ള VRDL ലാബിനു 1,97,10,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | നിപ്പ രോഗം ഉൾപ്പെടെ മാരക രോഗങ്ങളും പകർച്ച വ്യാധികളും ജില്ലയിൽ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ലാബിന്റെ നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്തുമോ? | (സി) | ലാബിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിപ്പ ടെസ്റ്റിംഗിന്റെ ICMR അനുമതിയും ലാബിന് ലഭ്യമായിട്ടുണ്ട്, ലാബിന് ആവശ്യമായ ഉപകരണങ്ങൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ